(ബി) വിവിധ വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിക്കാറുണ്ട്. മാത്രമല്ല വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും അതാത് ഉത്തരവുകളിൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമീൺ ബാങ്കുകൾ നൽകുന്ന കാർഷിക ലോണുകൾ

9 [4747] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ പി. ജെ. ജോയി:
„ വി. ബാലറാം:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീൺ ബാങ്കുകൾ ഇക്കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള കാർഷിക ലോണുകൾ നൽകി;

(ബി) ഇത്തരം ബാങ്കുകൾ ഡെപ്പോസിറ്റിന് നൽകുന്ന പലിശ എന്താണ്;

(സി) അവ ലോണുകൾക്ക് ഈടാക്കുന്ന പലിശയെന്താണ്?

ഉത്തരം

(എ) ഗ്രാമീൺ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തികവർഷം (2002-2003-ൽ) 407.75 കോടി രൂപയുടെ കാർഷിക ലോണുകൾ നൽകി.

(ബി) ഗ്രാമീൺ ബാങ്കുകൾ ഡെപ്പോസിറ്റിന് 4.50% മുതൽ 6.75% വരെ പലിശ നൽകുന്നുണ്ട്.

(സി) ഗ്രാമീൺ ബാങ്കുകൾ ലോണുകൾക്ക് 10.50% മുതൽ 14% വരെ പലിശ ഈടാക്കുന്നുണ്ട്. DRI ലോണുകൾക്ക് 4% പലിശയാണ് ഈടാക്കുന്നത്.

ജലസേചന-ജലവൈദ്യുത പദ്ധതികൾ മൂലമുള്ള ബാദ്ധ്യത

10 [4748] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയിട്ടുള്ള ജലസേചന-ജലവൈദ്യുത പദ്ധതികൾമൂലം സംസ്ഥാനത്തിന് ഉണ്ടായ ബാദ്ധ്യതകളിൽ എത്ര കോടി രൂപയുടെ ബാദ്ധ്യത ബാക്കി നിൽപ്പുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ ലോകബാങ്ക് ഉൾപ്പെടെ വിവിധ സാമ്പത്തിക ഏജൻസികൾക്കുള്ള ബാദ്ധ്യത എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

അനുവദിച്ച തുക മാറിയെടുക്കുന്നതിന് വരുന്ന കാലതാമസത്തിന്റെ കാരണം

11 [4749] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. എ. ജി.യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 19 വകുപ്പുകളിലായി 261 കോടിയിലധികം രൂപ 2002 മാർച്ച് മാസത്തിൽ മാത്രമാണ് മാറിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം സാമ്പത്തിക വർഷത്തിന്റെ അവസാന നിമിഷം വരെ ബഡ്ജറ്റിൽ അനുവദിച്ച തുക മാറിയെടുക്കുന്നതിന് വരുന്ന കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെ അനാസ്ഥമൂലമാണോ ഇങ്ങനെ സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) 2000-01, 2001-02, 2002-03 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നും വിവിധ വകുപ്പുകളിലായി മാർച്ച് മാസത്തിൽ മാത്രം മാറിയെടുത്ത തുകയെത്രയെന്നും മൊത്തം ബഡ്ജറ്റ് അലോട്ടുമെന്റ് തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഇപ്രകാരം ബഡ്ജറ്റ് അലോട്ട്മെന്റ് തുക വകുപ്പുകൾ മാറിയെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വികസന പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നും ഇത്തരമൊരവസ്ഥ ഒഴിവാക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly